റിബേറ്റ് കടിശ്ശിക

167(2368) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ സർക്കാർ വലിയ തുക നൽകാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം പ്രസ്തുത മേഖലയിൽ വലിയ പ്രതിസന്ധി നേരിടുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര രൂപയാണ് റിബേറ്റ് ഇനത്തിൽ നൽകാനുള്ളത്; ഇത് അടിയന്തരമായി സംഘങ്ങൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽപ്പെട്ട പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ, ഹാന്റ്ക്സ്, ഹാൻവീവ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് റിബേറ്റ് കുടിശ്ശികയായി താഴെപ്പറയും പ്രകാരം 15,42,87,942 രൂപ നൽകുവാനുണ്ട്.

(തുക രൂപയിൽ)

	2012-13	2013-14	2014-15	ആകെ
ഹാന്റ്ക്സ്	പൂർണ്ണമായും അനുവദിച്ചു നൽകി	94,75,697	3,09,89,464	4,04,65,161
ഹാൻവീവ്	പൂർണ്ണമായും അനുവദിച്ചു നൽകി	43,47,362	അപേക്ഷ ലഭിച്ചിട്ടില്ല	43,47,362
പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ	4,76,40,136	4,44,35,283	1,74,00,000	10,94,75,419
ആകെ	4,76,40,136	5,82,58,342	4,83,89,464	15,42,87,942

LIBRARY ARCHIVES Kerala Legislative Assembly

2015-16 സാമ്പത്തിക വർഷം 4.84 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. എന്നാൽ റിബേറ്റിനത്തിൽ നൽകുവാനുള്ള കടിശ്ശിക ഉക മുഴുവനും നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ വർഷം 10.16 കോടി രൂപ ഉപധനാഭ്യർത്ഥന മുഖാന്തിരം ലഭ്യമാക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(സി) കൊയിലാണ്ടി മണ്ഡലത്തിൽ പന്തലായനി കൈത്തറി സംഘത്തിന് 2015 വരെ 11.88 ലക്ഷം രൂപയും തിക്കൊടി കൈത്തറി സംഘത്തിന് 2015 വരെ 11 ലക്ഷം രൂപയും റിബേറ്റ് കടിശ്ശികയായിട്ടുണ്ട്.

മലപ്പുറം ക്യാൻസർ സെന്റർ

168(2369) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മലപ്പുറം ക്യാൻസർ സെന്ററിന്റെ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്ഥലമെടുപ്പിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(സി) സ്ഥലമെടുപ്പിനും കെട്ടിട നിർമ്മാണത്തിനുമായി സർക്കാർ ഉക വകയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന, മലപ്പുറം ക്യാൻസർ സെന്ററിനുവേണ്ടി സ്ഥലം നിർണ്ണയിക്കുകയും അത് ക്യാൻസർ സെന്ററിനുവേണ്ടി നൽകുന്നതിനുള്ള മേൽനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(ബി) മലപ്പുറം ക്യാൻസർ സെന്ററിനുവേണ്ടി നിശ്ചയിച്ച സ്ഥലം നിർദ്ദിഷ്ട ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി (ഇഫ്ളു)യുടെ ഓഫ് ക്യാമ്പസ്സിനുവേണ്ടി നിശ്ചയിച്ച സ്ഥലത്തിൽപ്പെട്ടതാണ്. ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ നടന്നു വരുന്നു.

(സി) സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിട നിർമ്മാണത്തിനുമായി സർക്കാർ പ്രത്യേകിച്ച് ഉക വകയിരുത്തിയിട്ടില്ല. എന്നാൽ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly